പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 437 06.02.2013 -ലെ മറുപടി

കെ. എസ്. ആർ. ടി. സിയെ സംരക്ഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ

ചോദ്യം

ശ്രീ. ബാബു എം. പാലിശ്ശേരി

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നിലവിൽ എത്ര കെ.എസ്.ആർ.ടി.സി. ബസ്സുകളാണ് സർവ്വീസ് നടത്തിവരുന്നത് ; | (എ) | സംസ്ഥാനത്ത് നിലവിൽ JnNURM പദ്ധതിയിൽ ഉൾപ്പെട്ട 313 ബസ്സുകൾ ഉൾപ്പടെ ആകെ 6,183 ബസ്സുകളാണ് സർവ്വീസ് നടത്തുന്നതിന് കെ.എസ്. ആർ.ടി.സി. ക്കുള്ളത്. |
| (ബി) | ഇവയ്ക്ക് ദിനംപ്രതി ശരാശരി എത്ര ലിറ്റർ ഡീസലാണ് ആവശ്യമായിട്ടുള്ളത് എന്നറിയിക്കുമോ; | (ബി) | ഇവയ്ക്ക് പ്രതിദിനം ശരാശരി 4.10 കിലോ ലിറ്റർ ഡീസൽ ആവശ്യമാണ്. |
| (സി) | ഡീസൽ വില അധികം ഈടാക്കുന്നതുമൂലം കെ.എസ്. ആർ.ടി.സി. യ്ക്ക് ദിനംപ്രതി എത്ര അധിക ബാദ്ധ്യത വരും ; | (സി) | പ്രതിദിനം 47 ലക്ഷം രൂപയുടെ അധിക ബാദ്ധ്യത കെ.എസ്.ആർ.ടി.സി.യ്ക്ക് വരുന്നുണ്ട്. |
| (ഡി) | ഡീസൽ വില വർദ്ധന കെ.എസ്.ആർ.ടി.സി.-യെ തകർക്കും എന്നതു കണക്കിലെടുത്ത് ഇക്കാര്യത്തിലുള്ള ശക്തമായ പ്രതിഷേധം കേന്ദ്രഗവൺമെന്റിനെ അറിയിച്ചിട്ടുണ്ടോ ; | (ഡി) | കെ.എസ്.ആർ.ടി.സി. യെപ്പോലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ ഡീസൽ വില വർദ്ധനവിൽ നിന്നും ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 19.01.2013 -ൽ ബഹു. പ്രധാനമന്ത്രിയ്ക്കും, ബഹു. കേന്ദ്ര പെട്രോളിയം -പ്രകൃതി വാതക വകുപ്പ് മന്ത്രിയ്ക്കും, ബഹു. മുഖ്യമന്ത്രി നിവേദനം നൽകിയിട്ടുണ്ട്. മറുപടി പ്രതീക്ഷിക്കുന്നു. |
| (ഇ) | കെ.എസ്.ആർ.ടി.സി.-യെ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ ? | (ഇ) | താൽക്കാലികമായി രണ്ട് മാസത്തേക്ക് സർക്കാർ 28 കോടി രൂപ കെ.എസ്. ആർ.ടി.സി. യ്ക്ക് ഡീസൽ വില വർദ്ധനവിലുള്ള അധിക ബാദ്ധ്യത ഒഴിവാക്കുന്നതിനായി അനുവദിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | സബ്സിഡി നിരക്കിൽ കെ.എസ്. ആർ.ടി.സി.ക്ക് ഡീസൽ ലഭിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ പരിശോധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ